പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 102

13.06.2013 ൽ മറുപടിക്ക്

## കേന്ദ്രം അധികമായി അനുവദിച്ച ഭക്ഷ്യധാന്യം വിതരണം ചെയ്തതിലുണ്ടായ വീഴ്ച

**ചോദ്യം**

ശ്രീ. സാജു പോൾ:
,, കോടിയേരി ബാലകൃഷ്ണൻ:
,, പി. ശ്രീരാമകൃഷ്ണൻ:
,, എ.എം. ആരിഫ്:

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) കേന്ദ്രം അധികമായി അനുവദിച്ച ഭക്ഷ്യധാന്യം യഥാസമയം ഏറ്റെടുത്ത് കാർഡുടമകൾക്ക് വിതരണം ചെയ്യുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടോ ;

(ബി) അനുവദിച്ചതിൽ എത്ര ശതമാനം ഭക്ഷ്യധാന്യം ഏറ്റെടുത്തിട്ടുണ്ട്; കഴിഞ്ഞ രണ്ടു വർഷത്തെ കണക്കുകൾ ലഭ്യമാണോ; ഇത്തരം വീഴ്ച യുണ്ടാകാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

എ) & (ബി) 2011-12, 2012-13 വർഷങ്ങളിൽ കേന്ദ്ര സർക്കാർ അനുവദിച്ചതും സംസ്ഥാന സർക്കാർ വിട്ടെടുത്തതുമായ ഭക്ഷ്യധാന്യങ്ങളുടെ അളവ് ചുവടെചേർക്കുന്നു.

| ഇനം | 2011-12 | | 2012-13 | |
|---|---|---|---|---|
| | അനുവദിച്ചത് (ടൺ) | വിട്ടെടുത്തത് (ടൺ) | അനുവദിച്ചത് (ടൺ) | വിട്ടെടുത്തത് (ടൺ) |
| എ.പി.എൽ അരി | 587252 | 587252 | 618168 | 618168 |
| എ.പി.എൽ ഗോതമ്പ് | 191814 | 191814 | 201912 | 201912 |
| ബി.പി.എൽ അരി | 439366 | 439357.6 | 536495 | 536495 |
| ബി.പി.എൽ ഗോതമ്പ് | 118425 | 118293.5 | 171957 | 171957 |
| എ.എ.വൈ അരി | 250260 | 250260 | 250260 | 250260 |
| വെൽഫെയർ അരി | 1674.458 | 1674.458 | 1479.3 | 1479.3 |
| വെൽഫെയർ ഗോതമ്പ് | 382.02 | 382.02 | 382.02 | 382.02 |
| അന്നപൂർണ്ണ അരി | 1350 | 1350 | 2700 | 2700 |
| അരി @ 11.85/Kg | 54000 | 27227 | | |
| ഗോതമ്പ് @ 11.85/Kg | 27000 | 14769 | | |
| അരി @ OMSS നിരക്ക് | | | 60000 | 5843.053 |
| ഗോതമ്പ് @ OMSS നിരക്ക് | | | 30000 | 152.500 |

2012 വർഷത്തിൽ സാധാരണ നിരക്കിൽ അനുവദിച്ച വിഹിതം പൂർണ്ണമായും വിട്ടെടുത്തിട്ടുണ്ട്. എന്നാൽ 2011-12 വർഷത്തിൽ ബി.പി.എൽ വിഭാഗത്തിൽ അഡ്ഹോക് വിഹിതമായി അനുവദിച്ച 8.371 മെ.ടൺ അരിയും 131.495 മെ.ടൺ ഗോതമ്പും യഥാസമയം വിട്ടെടുക്കാൻ സാധിച്ചിരുന്നില്ല. കൂടുതൽ സമയത്തിനായി കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചുവെങ്കിലും സമയം അനുവദിച്ചു നല്കിയില്ല.

2012-13 വർഷത്തിൽ ഓണം സ്പെഷ്യലായി 60000 മെ.ടൺ അരിയും 30000 മെ.ടൺ ഗോതമ്പും OMSS നിരക്കിൽ അനുവദിക്കുകയുണ്ടായി. അരിയുടെ ചില്ലറ വില്പനവില 20.50 രൂപയും ഗോതമ്പിന്റേത് 19.00 രൂപയുമായിരുന്നു. ഇത്രയും ഉയർന്ന വിലയായതിനാൽ അനുവദിച്ച വിഹിതത്തിൽ നിന്ന് 5843 മെ.ടൺ അരിയും 152.5 മെ.ടൺ ഗോതമ്പും മാത്രമേ വിട്ടെടുത്തിട്ടുള്ളൂ. 2011-12 സാമ്പത്തിക വർഷത്തിൽ ഓണം സ്പെഷ്യലായി കിലോഗ്രാമിന് 11.85 രൂപ നിരക്കിൽ 54000 മെ.ടൺ അരിയും 8.45 രൂപ നിരക്കിൽ 27000 മെ.ടൺ ഗോതമ്പും അനുവദിച്ചിരുന്നു. ഇവയുടെ ചില്ലറ വില്പന വില കിലോഗ്രാമിന് യഥാക്രമം 12.70 രൂപയും 9.20 രൂപയുമായിരുന്നു. അനുവദിച്ച വിഹിതത്തിൻ നിന്ന് 27227 മെ.ടൺ അരിയും 14769 മെ.ടൺ ഗോതമ്പും വിട്ടെടുക്കുകയുണ്ടായി.

സംസ്ഥാന സർക്കാർ സബ്സിഡി നല്കി കിലോഗ്രാമിന് 1/- രൂപ നിരക്കിലും 2/- രൂപ നിരക്കിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുവരുന്നുണ്ട്. മുഴുവൻ ബി.പി.എൽ/ എ.എ.വൈ. കുടുംബങ്ങൾക്കും 70% ത്തോളം എ.പി.എൽ. കുടുംബങ്ങൾക്കും മേൽപ്പറഞ്ഞ രീതിയിൽ സബ്സിഡി നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തു വരുന്നുണ്ട്. 1/- രൂപ, 2/- രൂപ നിരക്കുകളിലും 20.50 നിരക്കിലും ഒരേ ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ തന്നെയാണ് വിതരണം ചെയ്തുവരുന്നത്.

തന്മൂലം ഉയർന്ന നിരക്കിലുള്ള ഭക്ഷ്യ ധാന്യങ്ങളുടെ ചെലവ് വളരെ കുറവാണ്. തന്മൂലമാണ് അനുവദിച്ച മുഴുവൻ വിഹിതവും വിട്ടെടുക്കാൻ സാധിക്കാത്തത്.

(സി) സംസ്ഥാനത്തിന്റെ റേഷൻ വിഹിതം കേന്ദ്രം വെട്ടിക്കുറക്കുകയുണ്ടായോ; എത്ര അളവിലാണ് വെട്ടിക്കുറവ് വരുത്തിയിട്ടുള്ളത്;

(സി) സംസ്ഥാനത്തിനുള്ള റേഷൻ വിഹിതം കേന്ദ്രസർക്കാർ വെട്ടിക്കുറച്ചിട്ടില്ല. 2012-13 സാമ്പത്തിക വർഷത്തിൽ ബി.പി.എൽ അഡ്ഹോക് വിഹിതമായി ലഭിച്ച 84978 മെ.ടൺ അരിയും 34190 മെ.ടൺ ഗോതമ്പും 2013-14 സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടില്ല.

(ഡി) വെട്ടിക്കുറച്ച വിഹിതം പുനഃസ്ഥാപിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയുണ്ടായോ?

(ഡി) ബി.പി.എൽ വിഭാഗത്തിന് അഡ്ഹോക് വിഹിതം അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ